

ഈ പുസ്തകം വളരെ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ശേഷം വ്യക്തിപരമായി നിങ്ങൾക്കുവേണ്ടി പരിശുദ്ധാത്മാവ് തന്ന അരുളപ്പാടാണ്. തള്ളിക്കളയരുത്. ഇതിന്റെ കോപ്പികൾ ഇംഗ്ലീഷ്, ഹിന്ദി, ഫിലിപ്പീൻസ്, പോളിഷ് മുതലായ ഭാഷകളിൽ ലഭ്യമാണ്. ബൈബിളിലെ വാക്യങ്ങൾ വളച്ചൊടിക്കാതെ വ്യാഖ്യാനിക്കാതെ അതുപോലെ എഴുതിയിരിക്കുന്നു. ശരിയോ എന്ന് ഒത്തു നോക്കുക. സത്യാന്വേഷികൾ ഇത് മുഴുവൻ വായിക്കണം, പഠിക്കണം, പ്രായോഗികമാക്കണം. ഈ വിഷയങ്ങളെപ്പറ്റിയുള്ള തെറ്റായ മുൻ അറിവും മുൻവിധിയും മാറ്റിവച്ചിട്ട് ഈ സത്യം മനസ്സിലാക്കി അനുഭവിക്കാൻ കൃപ തരണേ എന്ന് പ്രാർത്ഥിക്കുക. കുടുംബം മുഴുവൻ ഇത് ചെയ്യണം. ജനകോടികൾക്ക് വെളിപ്പെടുത്തിയ ദൈവം നിങ്ങളേയും സഹായിക്കും. മൂന്ന് ക്രൂശുകൾ-കാൽവറി മലയിൽ (ഗോൽഗോഥായിൽ)



**Repentance :** ഒരു വശത്ത് അനുതപിച്ച കള്ളന്റെ ക്രൂശ്.

**Redeemer :** നടുവിൽ വീണ്ടെടുപ്പു കാരനായ യേശുവിന്റെ ക്രൂശ്

**Rebellion :** മറുവശത്ത് മറുതലിച്ച, -മത്സരിച്ച കള്ളന്റെ ക്രൂശ്

നിങ്ങൾ ഇതിൽ ഏതു വശത്താണ്. അനുതപിച്ച് പ്രാർത്ഥിച്ചാൽ യേശുവിനോടുകൂടെ പറുദീസായിൽ പോകാം. വായനക്കാരെ അവിടെ കാണാൻ ആഗ്രഹിക്കുന്നു. മറുത്ത് മത്സരിച്ചാൽ കള്ളൻ പോയ നരകത്തിൽ നിങ്ങളും പോകും. എങ്കിൽ നിങ്ങൾ ആയിരിക്കും മഹാകള്ളൻ.

Surrender and live. Rebel and die :
Alexander the Great

കൂടുതൽ വിവരങ്ങൾക്ക്
**ഡോക്ടർ ജോയി ജോസഫ്**
President SSNI, 91 8281842222 (India) 1.404.680.3114 (USA),
email:drjjoseph@aol.com
in India: Dr.A.J.Abraham (Ph : 9447375381), George Thomas (9846747534)

# ആസന്ന ഭാവിയിൽ എന്ത് സംഭവിക്കും?

## അത് നിങ്ങളെ എങ്ങനെ ബാധിക്കും?

## അത്യാവശ്യമായി നിങ്ങൾ അറിയേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ.




ഡോക്ടർ ജോയി ജോസഫ് *M.A, B.Ed, Ph.D.*

# രത്നച്ചുരുക്കം

യെശയ്യാവ് 34: 16. വിശുദ്ധ ബൈബിൾ മാത്രമേ ദൈവത്തിന്റെ പുസ്തകം എന്നറിയപ്പെടുന്നുള്ളൂ. മനുഷ്യ സമുദായത്തിന്റെ ഭൂത, വർത്തമാന, ഭാവി കാലങ്ങളെപ്പറ്റി ബൈബിൾ മാത്രമേ ആധികാരികമായി പ്രസ്താവിക്കുന്നുള്ളൂ. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദേഹം, ദേഹി, ആത്മാവ് എന്നീ അവസ്ഥകളിലാണ്. ആത്മാവ് ദൈവത്തിന്റെ ഭാഗമായതിനാൽ അനശ്വരമാണ്. ദേഹം നശിക്കും. ദേഹി ഇല്ലാതാകും. ആത്മാവ് നിത്യമാണ്. മരണശേഷം മനുഷ്യാത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ പോകുന്നു. മൂന്നാമത് ഒരിടമില്ല. മനുഷ്യൻ പാപി ആയിട്ടാണ് ജനിക്കുന്നത്.  അതുകൊണ്ട് സ്വർഗ്ഗത്തിൽ പോകാൻ പറ്റുകയില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപം ഏറ്റു പറഞ്ഞ് വീണ്ടും ജനിച്ച് വിശുദ്ധ ജീവിതം ചെയ്യുന്നവർ മാത്രം സ്വർഗ്ഗത്തിൽ പോകും. ബാക്കിയുള്ളവരുടെ ആത്മാക്കൾ മരണശേഷം നിശ്ചയമായും നരകത്തിൽ പോകും.

മുഴുലോകത്തിന്റേയും ഏക രക്ഷിതാവായി– മോക്ഷം നൽകുന്നയാൾ – യേശു മാത്രമാണ്. അപ്പോ.പ്രവൃ. 4: 12. മറ്റൊരാളിലും, മറ്റൊരിടത്തും, മറ്റൊന്നിലും (വ്യക്തി, സ്ഥലം, പണം) ആത്മരക്ഷ ഇല്ലേയില്ല. വീണ്ടും ജനിക്കുന്നത് എങ്ങനെയെന്ന് ഇംഗ്ലീഷിലെ മൂന്ന് അക്ഷരങ്ങൾകൊണ്ട് വിശദമാക്കാം.

**A - Admit** ഞാൻ ഒരു പാപിയെന്ന് അംഗീകരിക്കണം.

**B-Believe.** യേശു എന്റെ പാപപരിഹാരത്തിന് വേണ്ടി ക്രൂശിൽ യാഗമായി എന്ന് വിശ്വസിക്കണം.

**C - confess.** ഈ കാര്യം വായ്കൊണ്ട് ഏറ്റുപറയണം. റോമർ 10: 9, യേശുവിനെ രക്ഷിതാവും കർത്താവും എന്ന് വിശ്വസിക്കണം. ഏറ്റു പറയണം. വളരെ ലളിതം. പണച്ചിലവില്ല. പുണ്യസ്ഥലത്ത് പോകേണ്ട. ആദ്യപടിയായി ഇത്രയും ചെയ്തവർ സ്വർഗ്ഗത്തിൽ പോകും. അല്ലാത്തവർ നരകത്തിൽപോകും. ഇതിന് ജാതി, മത ഭേദം ഇല്ല. കത്തോലിക്കനെന്നോ, പ്രൊട്ടസ്റ്റന്റുകാരനെന്നോ വ്യത്യാസമില്ല. ചിലർ പറയും “ഞാൻ കത്തോലിക്കാക്കാരനാ

ണ്, നിങ്ങൾ പറയുന്നതു എനിക്ക് ബാധകമല്ല.'' നൂറ് ശതമാനം തെറ്റ്. ദൈവദൃഷ്ടിയിൽ രണ്ടു കൂട്ടർ മാത്രം. വീണ്ടും ജനിച്ചവർ, അല്ലെങ്കിൽ പാപികൾ. വീണ്ടും ജനിച്ചവർ സ്വർഗ്ഗത്തിലും പാപികൾ നരകത്തിലും പോകും. അനുതപിച്ച് പാപം ഏറ്റു പറഞ്ഞ് ദൈവമക്കളായിത്തീരുക. യോഹ. 1: 12. പിന്നെ വിശുദ്ധജീവിതം ചെയ്യുക. മദ്യപാനം, വ്യഭിചാരം, ആഭിചാരം, മോഷണം, കൊലപാതകം, കൈക്കൂലി മുതലായവയിൽ നിന്ന് പൂർണ്ണമായി ഒഴിഞ്ഞിരിക്കണം. ബൈബിൾ ഇതാവശ്യപ്പെടുന്നു (1 കൊരി. 6: 9–10). പുതിയ നിയമം പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷം വായിച്ചു തുടങ്ങുക. ഒരു ദിവസം അര മണിക്കൂർ എങ്കിലും വായിച്ചു പഠിച്ച് ധ്യാനിക്കണം. പിന്നെ വർത്തമാന പത്രം വായിക്കുക.

യേശുവിനെ സ്വീകരിച്ചവർ സ്വർഗ്ഗത്തിൽ പോകും, യേശുവിനെ തിരസ്കരിച്ചവർ നരകത്തിൽ വീഴും. ഇത് നൂറു ശതമാനം സത്യമാണ്; വിശ്വാസയോഗ്യവും. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും യേശു വീണ്ടും വരും, തീർച്ച. അവനെ സ്വീകരിച്ചവർ സ്വർഗ്ഗീയ പറുദീസയിൽ പോകും. ബാക്കിയുള്ളവർ എല്ലാം ഭൂമിയിൽ ശേഷിക്കും. അവർ ''മഹോപദ്രവം'' എന്ന മഹാപീഢയിൽ കഷ്ടപ്പെടും. എതിർ ക്രിസ്തു 666 നടപ്പാക്കി ലോകത്തെ ഭരിക്കും. ഇതേപ്പറ്റി പിന്നാലെ വിശദമായി പറയുന്നത് വായിക്കുക. പിശാച് നിങ്ങളെ വഞ്ചിക്കുവാൻ അനുവദിക്കരുത്. ഈ പുസ്തകത്തിലെ ദൈവീക അരുളപ്പാടുകൾ നിങ്ങൾക്കു വേണ്ടി മാത്രം ഉള്ളതാണ്. തള്ളിക്കളയരുത്. സത്യം അറിഞ്ഞു ജീവിക്കാൻ ദൈവം സഹായിക്കട്ടെ. കർത്താവിന്റെ വരവിൽ കൈവിടപ്പെട്ടു പോകരുത്. നിങ്ങൾ വായിച്ചശേഷം മറ്റുള്ളവർക്കുകൂടി ഈ പുസ്തകം വായിക്കാൻ കൊടുക്കുക. ഇത് വായിക്കാൻ അവരെ പ്രേരിപ്പിക്കണം. സ്വർഗ്ഗത്തിൽ ഒരുമിച്ച് കാണാം. കാണണം. ഇരുണ്ട പാതയിൽ ഇടറുന്ന പാദങ്ങൾക്ക്, കെടാവിളക്കായി ഈ പുസ്തകം തീരട്ടെ.

- **പ്രതീക്ഷകളോടെ കർത്തൃശുശ്രൂഷയിൽ**

അറ്റ്ലാന്റ യു.എസ്.എ **ഡോ.ജോയി ജോസഫ്**
ഫെബ്രുവരി 21, 2021

## അത്യാവശ്യമായും അറിഞ്ഞിരിക്കേണ്ടതായ അടിസ്ഥാന വേദ ഉപദേശങ്ങൾ

അജ്ഞതയും അവഗണനയും പറഞ്ഞു കർത്തവ്യത്തിൽ നിന്ന് ഒഴിയാനാവില്ല. കടന്നൽകൂട്ടിൽ കല്ലെറിഞ്ഞിട്ട് മരത്തിന് മറഞ്ഞാൽ കടന്നൽ വിടില്ല. പാപം ചെയ്തിട്ട് ദൈവത്തിൽ നിന്ന കന്നുപോയവർ മടങ്ങിവന്ന് മാപ്പു അപേക്ഷിക്കാതെ പ്രശ്നം തീരില്ല. അടിസ്ഥാന സത്യങ്ങൾ അറിയണം; അനുസരിക്കണം. ദൈവം അത് ആവശ്യപ്പെടുന്നു. അപ്പോസ്തലനായ വി.പത്രോസ് പെന്തക്കോസ്തു ദിനത്തിൽ 16-ൽ അധികം രാജ്യങ്ങളിൽ നിന്ന് യെരുശലേമിൽ വന്നവരോട് പ്രസംഗിച്ചു. അപ്പോ. പ്രവൃ. 2: 37-42 വായിക്കുക. കേട്ടവരുടെ ഹൃദയത്തിൽ കുത്തു കൊണ്ടു. പാപബോധം ഉണ്ടായി. അവർ ചോദിച്ചു, ഞങ്ങൾ എന്തു ചെയ്യണം. ഇന്ന് 3000 പ്രസംഗം ചെയ്താൽ ഒരാൾ ചോദിച്ചാൽ ഭാഗ്യം. പത്രോസിന്റെ മറുപടിയിൽ അടിസ്ഥാന വേദഉപദേശങ്ങൾ നമ്പരിട്ട് പറയുന്നു.

1. **മാനസാന്തരപ്പെടുക,** വീണ്ടും ജനിക്കുക: അമ്മയുടെ ഉദരത്തിൽ നിന്ന് ജനിച്ചവർ ഉയരത്തിൽ നിന്ന് (ദൈവത്തിൽ നിന്ന്) ജനിക്കണം. മനുഷ്യരിൽ നിന്ന് ജനിച്ചാൽ മനുഷ്യമക്കൾ. ദൈവത്തിൽ നിന്ന് ജനിച്ചാൽ ദൈവമക്കളായിത്തീരും. യേശു നിക്കോദിമോസിനോടു പറഞ്ഞത് (യോഹ. 3:3) പത്രോസ് ജനത്തോടു പ്രസംഗിച്ചു. 3000 പേർ വിശ്വസിച്ച് വീണ്ടും ജനിച്ചു സ്നാനപ്പെട്ടു. സഭയുടെ തുടക്കം. പാപി എന്ന് സമ്മതിക്കുക. യേശുവിൽ വിശ്വസിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക (റോമർ 10: 9). ഇപ്രകാരം പ്രാർത്ഥിക്കുക: സ്വർഗ്ഗീയ പിതാവേ! ജനനം കൊണ്ടും ജീവിതം കൊണ്ടും ഞാൻ ഒരു പാപി എന്ന് സമ്മതിക്കുന്നു. എന്റെ പാപപരിഹാരത്തിനുവേണ്ടി യേശു ക്രൂശിൽ യാഗമായി എന്ന് വിശ്വസിക്കുന്നു. ഞാൻ യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു. എന്റെ പേര് സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ എഴുതേണമേ. വിശുദ്ധ ജീവിതം ചെയ്യാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.

വീണ്ടും ജനിച്ച് വിശ്വാസി ആയിത്തീരുന്നു. പിന്നെ വിശുദ്ധനായി ജീവിക്കണം. വിശ്വസ്തനായിത്തീരണം. വളരണം. വലുതാകണം. കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങണം. വരവിൽ കൈവിടപ്പെട്ടുപോകരുത്.

2. വിശ്വാസ സ്നാനം സ്വീകരിക്കണം. മർക്കോ. 16: 16. വീണ്ടും ജനിച്ചവർ എല്ലാം എത്രയും വേഗം സ്നാനപ്പെടണം. അവരെ മാത്രമേ സ്നാനപ്പെടുത്താവൂ. ശിശുക്കളെ സ്നാനപ്പെടുത്തരുത്. കാരണം? വിശ്വസിക്കാൻ അവർ പ്രായമായില്ല.

3. പരിശുദ്ധാത്മ സ്നാനം പ്രാപിക്കണം. വീണ്ടും ജനിക്കുന്നത് വചനകേൾവിയാലും പരിശുദ്ധാത്മ പ്രവർത്തനത്താലും ആണ്. എന്നാൽ അപ്പോ. 2:1 മുതൽ വായിക്കുംപോലെ അന്യഭാഷാ അടയാളത്തോടുകൂടി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതാണ് പരിശുദ്ധാത്മ സ്നാനം. അപ്പോ. 2: 4. അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി. മുടങ്ങി എന്ന് ബൈബിളിൽ ഒരിടത്തും ഇല്ല. ആ അനുഭവം ഇന്നും തുടരുന്നു. ആത്മനിറവ് അനുദിനം അനുഭവമാക്കണം. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കണം. (1 കൊരി. 3: 16).

4. വേർപാട് (separation): (സംഖ്യാ 23: 9, ഇതാ തനിച്ചു വേർപെട്ടു ജീവിക്കുന്ന ജനം). പാപ ജീവിതത്തിൽ നിന്നും വേർപെട്ട് ജീവിക്കണം. അവിശ്വാസികളുമായി അകലം പാലിക്കണം. വിശുദ്ധജീവിതം ഉറപ്പാക്കണം. അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുത്. നമ്മിലൂടെ യേശുവിനെ മറ്റുള്ളവർ കാണണം. വേഷത്തിലും, ഭാഷയിലും, വാക്കിലും, പോക്കിലും നാം ദൈവമക്കൾ എന്ന് മറ്റുള്ളവർ അറിയണം. ദൈവത്തെ സേവിക്കുന്നവരുടെ വ്യത്യാസം തെളിയിക്കണം. ഒറ്റ നോട്ടത്തിൽ തിരിച്ചറിയണം ദൈവമക്കൾ എന്ന്. അതിനു വേണ്ടിയാണ് പെന്തക്കോസ്തുകാർ ആഭരണം ഉപേക്ഷിച്ചതും മറ്റു പലതും ചെയ്തതും. ആ മാന്യത കൈവെടിയരുത് (1 ശമുവേൽ 9: 6).

5. സത്യ ഉപദേശം പഥ്യമാക്കണം: ബൈബിൾ വായിക്കണം, പഠിക്കണം, ധ്യാനിക്കണം, മനഃപാഠമാക്കണം. ജീവിത

ത്തിൽ പകർത്തണം. വചനം അറിഞ്ഞില്ലെങ്കിൽ തെറ്റിപ്പോകും. യേശു സാത്താനെ ജയിച്ചത് വചനം പറഞ്ഞാണ് (സങ്കീ. 119: 9, 11: 71, 89, 105). രാപ്പകൽ ധ്യാനിക്കണം.

6. ദൈവവചന പ്രകാരമുള്ള (പാരമ്പര്യം അല്ല) ദൈവസഭയിൽ സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കണം. നന്മകൾക്ക് നന്ദി പറയണം. വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ ഉപേക്ഷിക്കരുത്. കർത്തൃമേശയിൽ മുടങ്ങാതെ പങ്കെടുക്കണം. പ്രാഗത്ഭ്യം നഷ്ടപ്പെടുത്തരുത്. ആത്മീയവളർച്ചക്കായി ഇത് അത്യാവശ്യമാണ്.

7. പ്രാർത്ഥന: ദൈവവുമായുള്ള സമ്പർക്കമാണ് പ്രാർത്ഥന. അത് സന്ധ്യയുടെ സാക്ഷയും (സുരക്ഷിത ഉറക്കം) പ്രഭാതത്തിന്റെ താക്കോലുമാണ്. ഓരോ ദിവസവും രാവിലെ ഇഷ്ടമുള്ള പാട്ടും, ശ്രദ്ധയേറിയ പ്രാർത്ഥനയും (favorite song & fervent prayer) മുടങ്ങാതെ ചെയ്യണം. "ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ എന്ന് വിളിച്ചുകൊണ്ട് പ്രാർത്ഥന തുടങ്ങണം." യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു എന്ന് പറഞ്ഞ് അവസാനിപ്പിക്കണം. ഇതിനിടയിൽ പ്രാർത്ഥിക്കേണ്ടതായ വാക്കുകൾ പരിശുദ്ധാത്മാവ് തരും.

ഇവയാണ് അടിസ്ഥാന വേദ ഉപദേശങ്ങൾ. അല്പം കൂടി വിശദീകരിക്കാം. യേശു നിക്കോദെമോസിനോട് പറഞ്ഞു (യോഹ. 3: 3) പുതുതായി (വീണ്ടും) ജനച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടക്കയില്ല. സഭാചട്ടപ്രകാരം എല്ലാ കൂദാശകളും സ്വീകരിച്ച യഹൂദാ റബ്ബിയോട് യേശു അരുളിച്ചെയ്യുന്നു "വചനത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം." തിന്മ തള്ളി നന്മ തെരഞ്ഞെടുക്കാൻ പ്രായമുള്ളപ്പോൾ എല്ലാവരും ചെയ്യേണ്ട കാര്യമാണിത്. അതിന് മുമ്പേ ചെയ്തതിന് പ്രസക്തിയില്ല (ശിശുസ്നാനവും മറ്റും). നിക്കോദെമോസിനും പൗലോസിനും വീണ്ടും ജനനം ആവശ്യമായിരുന്നെങ്കിൽ ഇന്നത്തെ പൗരോഹിത്യ സഭകളിൽ ഉള്ള സകലരും വീണ്ടും ജനിക്കണമെന്ന് യേശു കല്പിക്കുന്നു. സകലരും പാപികളാണ്. രക്ഷിതാവും രക്ഷയും അത്യാവശ്യമാണ്. ശിക്ഷകളിൽ നിന്ന് (നിത്യതീ

പ്പൊയ്ക) ഉള്ള വിടുതലാണ് രക്ഷ. സ്വർഗ്ഗത്തിൽ ദൈവ ത്തോടുകൂടി നിത്യത കഴിക്കണം. യേശുവാണ് എല്ലാ വർക്കുമുള്ള ഏക രക്ഷകൻ. എന്തുകൊണ്ട്? യേശു മാത്രമേ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിട്ടുള്ളൂ. യേശു ഇന്നും ജീവിക്കു ന്നു. മരിച്ചവന്റെ മഞ്ചം ചുമക്കുന്നവരല്ല പെന്തക്കോസ്തു കാർ. ഉയിർത്ത കർത്താവിന്റെ പെട്ടകം – ജയത്തിന്റെ – വഹിക്കുന്നവരാണ്.

വീണ്ടും ജനിക്കാതെ പാപത്തിൽ മരിക്കുന്നവരുടെ ആത്മാ ക്കൾ (എതു സഭ – ജാതിയിൽപ്പെട്ടവർ ആയാലും) നരക ത്തിൽ (യാതനാസ്ഥലം) പോകും. ലൂക്കോസ് 16–ൽ ധന വാന്റെ ആത്മാവ് പോയതുപോലെ. അന്ത്യ ന്യായവിധി വരെ അവർ അവിടെ ആയിരിക്കും. മരിച്ച ശേഷം ആത്മാവ് ഭൂമി യിൽ കറങ്ങി നടക്കും (40 ദിവസം) എന്ന പഠിപ്പിക്കൽ 100% തെറ്റ്. വിശ്വസിക്കരുത്. പൗലോസ് പറഞ്ഞു വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ (absent from the body and present with christ). യേശുവിനെ സ്വീകരിച്ചില്ല എന്ന കാരണത്താ ലാണ് പാപികൾ മരിക്കുമ്പോൾ നരകത്തിൽ പോകുന്നത്. സ്വർഗ്ഗം വിശുദ്ധമാണ്. അവിടെ പാപികൾക്ക് പ്രവേശനം ഇല്ല. ആത്മരക്ഷ തരാൻ മതനേതാക്കൾ അർഹരല്ല. പുണ്യ സ്ഥലത്ത് പോയാലും മോക്ഷം കിട്ടുകയുമില്ല. നിങ്ങൾ ആയി രിക്കുന്നിടത്ത് ഇരുന്നുകൊണ്ട് ഇപ്പോൾ തന്നെ പ്രാർത്ഥിക്കു ക. മരണം എപ്പോഴെന്ന് അറിയില്ല. മരണശേഷം ചെയ്യുന്ന കൂദാശകൾക്ക്, കർമ്മങ്ങൾക്ക് ഒരു മാറ്റവും വരുത്തുവാൻ കഴിയുകയില്ല. മരണശേഷം പാതാളത്തിൽപോയ ധനവാ നോട് പറഞ്ഞു; അവിടെ നിന്ന് ഇവിടേക്ക് (നരകത്തിൽ നിന്ന് പറുദീസയിലേക്ക്) വരാൻ പാടില്ല. മരണത്തിന് മുമ്പ് മാന സാന്തരപ്പെടുക. അപ്പോ. 17: 30. മാനസാന്തപ്പെടുവാൻ ദൈവം കല്പിക്കുന്നു. അപേക്ഷയല്ല. കൽപ്പനയാണ്. അനു സരിച്ചേ തീരൂ. ദൈവം ആരേയും നരകത്തിൽ ഇടുന്നില്ല. കല്പന ചെയ്യാത്തതുകൊണ്ട് സ്വയം പോവുകയാണ്. കുറ്റം ചെയ്താൽ ശിക്ഷ. ക്രൂശിലെ രണ്ട് കള്ളന്മാർ ഒരുവൻ പറു ദീസയിൽപ്പോയി. മറ്റവനും പോകാമായിരുന്നു. പോകാതിരു ന്നത് അവന്റെ കുറ്റം.

**വിശ്വാസസ്നാനം:** ദൈവം പുതിയനിയമ സഭയ്ക്ക് ചെയ്യാൻ തന്ന രണ്ട് കാര്യങ്ങളാണ് സ്നാനവും, കർത്തൃമേശയും. പുതിയ നിയമത്തിൽ സ്നാനം എന്ന വാക്ക് നൂറിൽ അധികം പ്രാവശ്യം കാണുന്നു. വിശ്വാസസ്നാനത്തിന്റെ സ്ഥാപകൻ ദൈവം ആണ് (യോഹ. 1: 33). 30-ാം വയസ്സിൽ യേശു വെള്ളത്തിൽ മുങ്ങി സ്നാനപ്പെട്ടു മാതൃക കാണിച്ചു. അപ്പോസ്തന്മാരും മുങ്ങി സ്നാനപ്പെട്ടു. മുക്കി സ്നാനപ്പെടുത്തി.

- **എന്തുകൊണ്ട് വിശ്വാസ സ്നാനം സ്വീകരിക്കണം?**

1. അതു ദൈവത്തിന്റെ ആലോചനയാണ് (ലൂക്കോ. 7: 30, സങ്കീ. 107: 10). അത്യുന്നതന്റെ ആലോചന നിരസിച്ചാൽ ഇരുളിലും അന്ധതമസ്സിലും ഇടറിവീഴും. ആരും സഹായിക്കാൻ കാണില്ല. ശിശുസ്നാനം മനുഷ്യന്റെ ആലോചനയാണ്. ചെയ്യരുത്.

2. കർത്താവിന്റെ കല്പനയാണ് സ്നാനം (മത്താ. 28: 19-20). സുവിശേഷം പ്രസംഗിച്ചു വീണ്ടും ജനിക്കുന്നവരെ വചനം പഠിപ്പിച്ചു ശിഷ്യരാക്കി സ്നാനപ്പെടുത്തണം. യേശു പറഞ്ഞു എന്നെ സ്നേഹിക്കുന്നവർ എന്റെ കല്പന അനുസരിക്കും. കല്പന അനുസരിച്ച് സ്നാനപ്പെടാത്തവർ (വിശ്വാസ സ്നാനം) യേശുവിനെ സ്നേഹിക്കുന്നില്ല. മനുഷ്യരെ പ്രസാദിപ്പിക്കുകയാണ് അവർക്ക് താൽപ്പര്യം. ആത്മാർത്ഥത ഇല്ല; അഭിനയം മാത്രം. അനുഭവം ഇല്ല; അനുകരണം മാത്രം. പണ്ട് പണ്ടു ചൊല്ലിയതു തന്നെ ഇന്നും ആവർത്തിച്ചു ചൊല്ലുന്നു. നാളെയും അതു തന്നെ. നേരിൽ ക്രിസ്ത്യാനി അല്ല, പേരിൽ മാത്രം. പള്ളിഭക്തി, പാരമ്പര്യപ്പൊങ്ങച്ചം ഇതെല്ലാം വൃഥാഭിമാനം മാത്രം. കല്പിക്കാത്ത 99 കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ കല്പിച്ച ഒരു കാര്യം ചെയ്യുന്നതാണ് ദൈവത്തിന് പ്രസാദം.

3. ദൈവം അധികാരപ്പെടുത്തി അയച്ചതുകൊണ്ട് ചെയ്യുന്ന ശുശ്രൂഷയാണ് സ്നാനം. യോഹ. 1: 33.

4. ദൈവനീതിയുടെ നിർവ്വഹണമാണ് സ്നാനം, മത്താ. 3: 15.

5. യേശു കാണിച്ച മാതൃകയാണ് സ്നാനം.

6. അപ്പോസ്തലിക ഉപദേശവും നടപടിയും ആണ്. അ.പ്രവൃ. 2: 38, വിശുദ്ധ പത്രോസിന്റെ ആഹ്വാനം.

7. നല്ല മനസ്സാക്ഷിക്കുവേണ്ടിയുള്ള അപേക്ഷയാണ് സ്നാനം.1 പത്രോസ്. 3:21. ഇതിൽ കൂടുതൽ എന്ത് തെളിവു വേണം വിശ്വാസസ്നാനം സ്വീകരിക്കാൻ. വളരെ വിവാദമാക്കിയ വിഷയമാണ് വിശ്വാസസ്നാനം. ഇന്നും അതുതന്നെ ഗതി. ആദ്യ നൂറ്റാണ്ടുകളിൽ ഇത് ഒരു പ്രശ്നമേ ആയിരുന്നില്ല. വചനം കേട്ട് വിശ്വസിച്ച് വീണ്ടും ജനിച്ചവർ ഉടൻ തന്നെ സ്നാനപ്പെടുമായിരുന്നു. ഫിലിപ്പോസ് ധനമന്ത്രിയോട് സുവിശേഷം പറഞ്ഞു. അ:പ്ര 8:35-39 മന്ത്രി ചോദിച്ചു. ഞാൻ സ്നാനപ്പെടുവാൻ എന്തു തടസ്സം? അർത്ഥം, ഫിലിപ്പോസിന്റെ സുവിശേഷ പ്രസംഗത്തിൽ സ്നാനം എന്ന വിഷയം ഊന്നിപ്പറഞ്ഞു. വിശ്വാസസ്നാനം പരാമർശിക്കാത്ത സുവിശേഷപ്രസംഗം പൂർണ്ണമല്ല. പേടിച്ച് പലരും സ്നാനത്തെപ്പറ്റി മിണ്ടത്തില്ല. ആദിമ സഭയിൽ ശിശുസ്നാനം ഇല്ലായിരുന്നു.

നൂറ്റാണ്ടുകൾക്ക് ശേഷം കുയുക്തികളായ ചിലർ ശിശുസ്നാനം എന്ന ദുരുപദേശം സഭയിൽ കടത്തി കലക്കമുണ്ടാക്കി. സ്നാനം വിശ്വാസശേഷം മാത്രം എന്നതു മാറ്റി. വെള്ളത്തിൽ മുങ്ങി എന്നതു മാറ്റി തളിപ്പ് ആക്കി. പാരമ്പര്യത്തിന്റെ മറവിൽ ഇന്നും ചെയ്യുന്നു; തെറ്റാണെന്നറിഞ്ഞിട്ടും. ഇന്നലത്തേ അബദ്ധം ഇന്ന് ആചാരമായി മാറി.

ചെയ്യേണമോ, വേണ്ടയോ എന്ന് ചിന്തിക്കാനുള്ള വിഷയമല്ല സ്നാനം (Not Optional). ചെയ്തേ പറ്റൂ. അനുസരണമാണ് അനുഗ്രഹത്തിന്റെ ആദ്യപടി. ചോദ്യം ചെയ്യാതെ സ്നാനത്തിന് തീരുമാനിക്കണം. മറ്റുള്ളവർ എന്തു പറയും (തിരുമേനി, തുടങ്ങിയവർ) എന്നതല്ല വിഷയം. വലിയ തിരുമേനി (ദൈവം) പറയുന്നതാണ് അനുസരിക്കേണ്ടത്. താമസിക്കാതെ സ്നാനപ്പെടണം. പുതിയ നിയമത്തിൽ വീണ്ടും ജനിച്ചവർ അന്നുതന്നെ സ്നാനപ്പെട്ടു. പെന്തക്കോസ്തു ദിനത്തിൽ 3000 പേർ. എത്യോപ്യൻ ധനമന്ത്രി വഴിയാത്രയിൽ സ്നാനപ്പെട്ടു. അസൗകര്യം പറഞ്ഞു മാറ്റിവച്ചില്ല.

കൊർന്നല്യോസ്, കാരാഗ്രഹപ്രമാണി ഇവർ അന്നു തന്നെ സ്നാനപ്പെട്ടു. പൗലോസ് അന്ധനായിതീർന്നതുകൊണ്ട് 3 ദിവസം താമസിച്ച് സ്നാനപ്പെട്ടു. നിങ്ങൾ വീണ്ടും ജനിച്ച വ്യക്തി അല്ലെങ്കിൽ ഇപ്പോൾ തന്നെ – നാളെയല്ല – വീണ്ടും ജനിക്കുക. എത്രയും വേഗം സ്നാനപ്പെടുക. നീട്ടിവച്ചാൽ നടക്കത്തില്ല. ഹൃദയം കഠിനപ്പെടും. താമസിച്ച് അനുസരിക്കുന്നതും അനുസരണക്കേടിന് തുല്യമാണ് (delayed obedience is disobedience) മറുത്ത് മത്സരിക്കുന്നതും ശാഠ്യം കാണിക്കുന്നതും ശാപമാണ്; ശിക്ഷാർഹമാണ്.

- **ആരാണ് സ്നാനപ്പെടേണ്ടത്?**

യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപം ഏറ്റുപറഞ്ഞ് വീണ്ടും ജനനം പ്രാപിച്ച് പഴയ ജീവിതരീതിയോട് വിടപറഞ്ഞവർ സ്നാനപ്പെടണം.

1. മത്തായി 3: 6 പാപം ഏറ്റു പറഞ്ഞവർ സ്നാനപ്പെട്ടു.
2. മാനസാന്തരപ്പെട്ടവർ; പത്രോസിന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു. അ.പ്രവൃ. 2: 41.
3. വിശ്വസിക്കുന്നവർ സ്നാനപ്പെടണം. മർക്കോ. 16: 16.
4. വിശ്വസിച്ച് സാക്ഷ്യം പറഞ്ഞ ധനമന്ത്രി. അപ്പോ.പ്രവൃ.8:34,.
5. വിശ്വസിച്ച പുരുഷന്മാരും സ്ത്രീകളും (ശിശുക്കൾ അല്ല) അ.പ്രവൃ. 8: 37.
6. ശീമോൻ താനും, വിശ്വസിച്ച് സ്നാനമേറ്റു. അപ്പോ.പ്രവൃ. 8: 13.
7. പൗലോസ് (ശൗൽ) ശിശു ആയിരുന്നപ്പോൾ, അപ്പോ.പ്രവൃ.9: 10, എട്ടാം നാളിൽ പരിഛേദനയും മറ്റും ഏല്പിച്ച (ഏറ്റതല്ല) പൗലോസ് പാരമ്പര്യത്തിൽ കടിച്ചു തൂങ്ങി കിടക്കാതെ സത്യം മനസ്സിലാക്കിയപ്പോൾ അംഗീകരിച്ചു, അനുസരിച്ചു, അനന്യാസിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്? ശ്രേഷ്ഠമാർ ഇവാനിയോട് തിരുമേനി ബഥനി മാസികയിൽ എഴുതി, "ശിശുക്കളെ മാമോദീസ മുക്കുന്നതും (തളിപ്പ്)

മൂറോൻ തൈലംകൊണ്ട് വിശുദ്ധാത്മദാനം കൊടുക്കുന്നതും പാരമ്പര്യത്തെ മാത്രം ആശ്രയിച്ചാണ്. വേദത്തിൽ ഇവയ്ക്ക് തെളിവില്ലല്ലോ." ശ്രീ. ഒസ്തോത്തീയോസ് തിരുമേനി തുടങ്ങിയവരുടെ ഉദ്ധരിണികൾ വിസ്താരഭയത്താൽ എഴുതുന്നില്ല. വിശ്വാസസ്നാനം മാത്രം ശരി എന്ന് അംഗീകരിച്ചവരാണ് അവർ.

- **വിശ്വാസസ്നാനം എന്തിനു വേണ്ടി?**

1. യേശുവിന്റെ കല്പന അനുസരിക്കാൻ.
2. യേശുവിനോട് ചേരാൻ (റോമർ 6: 3)
3. ക്രിസ്തുവിന്റെ അടക്കപുനരുത്ഥാനങ്ങളോടു ഏകീഭവിക്കാൻ. അടക്കത്തിന് സമാനമായി വെള്ളത്തിൽ മുക്കുന്നു. ഉയർപ്പിനു തുല്യമേ വെള്ളത്തിനു വെളിയിൽ വരുന്നു.
4. ഉള്ളിൽ സംഭവിച്ചു സമൂല പരിവർത്തനത്തിന്റെ സമഗ്ര പ്രദർശനമാണ് സ്നാനം. പാപത്തിന് (പാപത്തിൽ അല്ല) മരിക്കുന്നു. പഴയമനുഷ്യനെ (സ്വഭാവം) കുഴിച്ചിട്ടതിനു തുല്യമായി വെള്ളത്തിൽ മുക്കുന്നു. ഉയർപ്പിനു തുല്യം പുറത്തുവരുന്നു. ശിശുസ്നാനം ഈ പറഞ്ഞതുമായി ഒരു ബന്ധവും സാമ്യവും ഇല്ല.

- **സ്നാനവിധം**

സ്നാനത്തിന്റെ ഉന്നത ഉദ്ദേശ്യങ്ങൾക്ക് പൂർണമായി പൊരുത്തപ്പെടുന്ന വിധമായിരിക്കണം സ്നാനരീതിയും. മരിച്ച വ്യക്തിയെ അടക്കുന്നതുപോലെ പാപത്തിനു മരിച്ച ആളിനെ അടക്കത്തിനു തുല്യമായി വെള്ളത്തിൽ മുക്കുന്നു. മണ്ണ് വാരി ഇട്ടാൽ (വെള്ളം തളിച്ചാൽ) അടക്കമാകയില്ല. തളിക്കുന്നവരും "മാമോദിസ മുക്കി" എന്നാണ് പറയുന്നത്. സ്നാപകനും, സ്നാനർത്ഥിയും അരയോളം വെള്ളത്തിൽ ഇറങ്ങണം. സ്നാനാർത്ഥിയോടു യേശുവിലുള്ള വിശ്വാസത്തെപ്പറ്റി ചോദിക്കണം. വിശ്വാസത്തിന്റേയും, പരസ്യസാക്ഷ്യത്തിന്റേയും അടിസ്ഥാനത്തിൽ "പിതാവായ ദൈവത്തിന്റേയും യേശുക്രിസ്തുവിന്റേയും (പുത്രന്റെ എന്ന

പ്രയോഗം നല്ലതല്ല) പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തണം. യേശുവിന്റെ നാമം മാത്രം പറഞ്ഞു സ്നാനപ്പെടുത്തുന്നതും വചനവിരുദ്ധമാണ്.

- **സ്നാനപ്പെടുമ്പോൾ എന്ത് സംഭവിക്കുന്നു?**

1. കല്പനപ്രമാണിച്ച സംതൃപ്തി.
2. അനുസരണം അനുഗ്രഹത്തിന് വഴി ഒരുങ്ങുന്നു.
3. ദിവ്യസ്വഭാവത്തിന് കൂട്ടാളി ആയിത്തീരുന്നു.
4. നല്ല മനസാക്ഷിയും ദൈവപ്രസാദവും കിട്ടുന്നു.
5. സഭാകൂട്ടായ്മയിൽ സത്യത്തിലും ആത്മാവിലും ആരാധിച്ചു കർത്തൃമേശയിൽ പങ്കെടുത്തു ആത്മീയമായി വളരാൻ ഇടയായി തീരുന്നു.
6. സങ്കീ. 2: 7, യേശുവിനെപ്പറ്റി "പുത്രൻ" എന്ന് പറയുന്നു. മത്താ. 3: 17, യേശു സ്നാനമേറ്റപ്പോൾ പിതാവായ ദൈവം വിളംബരം ചെയ്തു "ഇവൻ എന്റെ പ്രീയ പുത്രൻ" വീണ്ടും ജനിച്ച് മക്കളായിതീരുന്നു. സ്നാനപ്പെടുമ്പോൾ പ്രീയമക്കൾ "ആയിത്തീരുന്നു എന്നു പറഞ്ഞാൽ ശരിയല്ലേ" ലളിതവും അപ്പോൾ തന്നെ അതിശ്രേഷ്ഠവുമായ ഈ ശുശ്രൂഷയാൽ എന്ത് വലിയ മാറ്റങ്ങൾ! പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം കിട്ടുന്നു. യെരുശലേമിൽ ആരാധനയിൽ കിട്ടിയതിലും അധികം സന്തോഷം സ്നാനപ്പെട്ടപ്പോൾ മന്ത്രിക്ക് കിട്ടി. അ.പ്രവൃ. 8: 39. അനുഭവിച്ചു നോക്കൂ. വിമർശിച്ചു വാദിച്ച് മാറി നിന്നാൽ ഒന്നും കിട്ടില്ല, അപ്പോ.പ്രവൃ. 22: 16. ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു സ്നാനപ്പെട്ടുക. ഇത് വ്യക്തിപരമായി നിങ്ങളോടുള്ള പരിശുദ്ധാത്മാവിന്റെ ആഹ്വാനമാണ്; അരുളപ്പാടാണ്. തള്ളിക്കളയരുത്; തിരസ്ക്കരിക്കരുത്. ഇനി എന്ത് കൂടെ ഉണ്ടായാൽ സ്നാനപ്പെടാൽ നിങ്ങൾ തീരുമാനിക്കും. മുൻപ് കൊടുത്ത പുസ്തകം വായിച്ച് അനേകർ സ്നാനപ്പെട്ടു. ചിലരെ ഞാനും സ്നാനപ്പെടുത്തി.

കാര്യങ്ങളുടെ ക്രമം തെറ്റിക്കരുത് (Order) സ്നാനപ്പെട്ട വർക്ക് കർത്തൃമേശ കൊടുക്കാം; എടുക്കാം. ശിശുസ്നാനം ചെയ്യുന്നവർ എന്തുകൊണ്ട് വി. കുർബ്ബാന തലതൊട്ടപ്പനെ നിർത്തികൊണ്ട് ശിശുക്കൾക്ക് കൊടുക്കുന്നില്ല. ഒന്ന് ചെയ്യാ മെങ്കിൽ മറ്റേതും ചെയ്യരുതോ?

മരിച്ചശേഷമാണ് അടക്കം എന്നായാലും എന്തായാലും അട ക്കണം. അതുകൊണ്ട് ഇപ്പോൾ അടക്കം ചെയ്യാം. പിന്നെ എന്നെങ്കിലും മരിച്ചോട്ടെ. വിദേശത്തു നിന്നും ആറു മക്കൾ അവധി എടുത്തു ലക്ഷങ്ങൽ ചിലവാക്കി മരണ കിടക്കയി ലുള്ള പിതാവിനെ കാണാൻ വന്നതാണ്. തിരിച്ചുപോകു മ്പോഴാണ് അപ്പൻ മരിക്കുന്നതെങ്കിൽ ഉടനെ വീണ്ടും വരാൻ അവധി ഇല്ല. ചെലവും കൂടുതൽ. ഈ സാഹചര്യ ങ്ങളുടെ സമ്മർദ്ദത്തിൽ അപ്പനെ അടക്കിയിട്ടുപോകാം. പിന്നെ എപ്പോഴെങ്കിലും മരിച്ചോട്ടെ. ശിശുസ്നാനക്കാർ ചെയ്യുന്നത് ഇതാണ്. പാപത്തിനു മരിക്കാത്ത കുഞ്ഞിനെ അടക്കത്തിന് തുല്യമായ സ്നാനം വെള്ളം കോരി ഒഴിച്ചെ ങ്കിലും ചെയ്യുന്നത് നിയമവിരുദ്ധമല്ലേ?

ആദ്യം വിശ്വാസം. പിന്നെ സ്നാനം. കുതിരയെ വണ്ടിയ്ക്കു പിറകിൽ കെട്ടരുത്. പന്നിയെ വെടി വെയ്ക്കാൻ രണ്ടു പേർ പോയി. പാതിരാത്രി ആയിട്ടും പന്നി വന്നില്ല. ഒരുവൻ വെടി വച്ചു. മറ്റവൻ പന്നിവന്നോ? ഇല്ല, പിന്നെ വെടി വച്ചത്? ഉറക്കം വരുന്നു. വെടിവച്ച് ഇട്ടേക്കാം. പന്നി വരുമ്പോൾ കൊണ്ടോളും. ഭോഷത്തരമല്ലേ ഇത്? പാരമ്പര്യത്തിന്റെ പഴു തിൽ ശിശുവിനെ വെള്ളം തളിച്ച് വിട്ടേക്കാം. ഭാവിയിൽ വിശ്വസിച്ചുകൊള്ളും.

വിവാഹവേദിയിൽ അച്ചൻ കൊച്ചനോടല്ലേ മനസമ്മതം ചോദിക്കുന്നത്. തലതൊട്ടപ്പനോടല്ലല്ലോ? ഭാര്യ ഭർത്താക്ക ന്മാരായി തീരാൻ അവരോട് സമ്മതം ചോദിക്കുന്നെങ്കിൽ – യേശുവിനോട് ചേരാനുള്ള – കർത്താവിന്റെ കാന്തയായി തീരാനുള്ള – സ്നാനത്തിൽ സ്നാനാർത്ഥിയോടല്ലേ ചോദി ക്കേണ്ടത്. വചനത്തിനും യുക്തിക്കും ചേരാത്ത ഭോഷത്വ മാണ് ശിശുസ്നാനം. ശിശുസ്നാനമോ മുതിർന്ന

സ്നാനമോ ശരി? രണ്ടും തെറ്റ്. വിശ്വാസത്തിനു ശേഷമുള്ള സ്നാനമാണ് ശരി. 56 ദിവസം പ്രായമുള്ള അപ്പിയെ (ശിശുവിനെ) മുക്കുന്നതും 86 വയസ്സുള്ള അപ്പനെ മുക്കുന്നതും - രണ്ടും തെറ്റാണ്.

നിങ്ങൾ ചെയ്യേണ്ടത് - വചനം കേട്ടു വീണ്ടും ജനിച്ച് വിശ്വാസി ആയിത്തീരുക. പിന്നെ സ്നാനം ഏൽക്കുക. വിശുദ്ധ ജീവിതം ചെയ്ത് വിശ്വസ്തനായി കർത്താവിന്റെ വരവിനായി ഒരുങ്ങുക. മറ്റുള്ളവരേയും - പ്രത്യേകിച്ച് വീട്ടിലുള്ളവരെ - ഈ സത്യം അറിയിക്കുക. ഇതിൽ ഒന്നും കുറയ്ക്കരുത്.

- **പരിശുദ്ധാത്മസ്നാനം**

പരിശുദ്ധാത്മസ്നാനം ഒരിക്കൽ മാത്രം. ആത്മനിറവ് ഓരോ ദിവസവും യേശുവിന്റെ വീണ്ടും വരവിനുവേണ്ടി നമ്മെ ഒരുക്കുന്നത് പരിശുദ്ധാത്മാവ് ആണ്. ഏലിയാസർ റെബേക്കയെ ഒരുക്കിയതുപോലെ പരിശുദ്ധാത്മാവിനെ കെടുക്കരുത്, ദുഃഖിപ്പിക്കരുത്. നമ്മിൽ നിന്ന് ആത്മശക്തി നഷ്ടപ്പെട്ടാൽ ഇലക്ട്രിസിറ്റി ഇല്ലാത്ത രാത്രിപോലെ ആകും. ശിംശോന് ഭവിച്ചതുപോലെ ശേഷം മനുഷ്യരെപ്പോലെ ആയിത്തീരും (Bending, Binding- Blinding and Grinding).

വചനം പഠിക്കുന്നതിൽ അതീവ ജാഗ്രത. വചനം വീണ്ടും ജനിച്ചവർക്കു പാലും പക്വതവന്നവർക്ക് മാംസവും ആകുന്നു (milk and meat). ബൈബിൾ നമ്മിൽ നിന്ന് പാപത്തെ അകറ്റും. പാപം ബൈബിളിൽ നിന്ന് നമ്മെ അകറ്റും. വചനം അറിഞ്ഞില്ലെങ്കിൽ തെറ്റും. തീർച്ച കഴിവുള്ളിടത്തോളം ബൈബിൾ പഠിക്കണം. പരിജ്ഞാനം നേടണം.

വേർപാട് പാലിക്കണം. ലോകജനങ്ങളോട് അനുരൂപരാകരുത്. സാക്ഷ്യം നഷ്ടപ്പെടുന്ന ഒന്നിലും ഇടപെടരുത്. മദ്യപാനം, വെറിക്കൂത്ത് (മാസ് മീഡിയായിൽ നല്ല ഭാഗം) വേഴ്ചകൾ ഇവയോട് വിട്ടുവീഴ്ചയില്ലാത്ത വെറുപ്പു കാട്ടണം. വിശുദ്ധിക്കു ചേരാത്ത ഒന്നിനും പങ്കുകൂടരുത്. തെറ്റ് തെറ്റായി കാണണം. പാപം ചെയ്തിട്ടു ബലഹീനത എന്നു

പറയരുത്. നിർമ്മല കന്യകയായി ക്രിസ്തു എന്ന മണവാളനു വേണ്ടി കാത്തിരിക്കണം. ആരാധന അലക്ഷ്യമായും അഗണ്യമായും കാണരുത്. കർത്തമേശയിൽ മുടങ്ങാതെ പങ്കെടുക്കാനുള്ള പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. നഷ്ടമാക്കരുത്. വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ കരുത്ത് പകരും.

പ്രാർത്ഥന ഇല്ലെങ്കിൽ കൃപയും ശക്തിയും ചോർന്നു പോകും. പ്രാർത്ഥന റീചാർജിംഗ് (Recharging) ആണ്. അത് ആരാധനയും അപേക്ഷയുമാണ് (Adoration and Asking). പ്രാർത്ഥനക്കു പ്രധാനമായും നാലു മറുപടികൾ ഉണ്ട്. കൂടുതലും കണ്ടേക്കാം.

1. ഉടനെ കിട്ടുന്ന മറുപടി **(Direct Answer)**, യേശുവിന്റെ നാമത്തിൽ നടക്കുക. ഉടനെ മുടന്തൻ കുതിച്ചെഴുന്നേറ്റു. ക്ഷണത്തിൽ സ്വിച്ച് ഇട്ട പോലെ കിട്ടുന്ന ഉത്തരം.

2. വ്യത്യാസപ്പെട്ട മറുപടി (Different Answer). നാം ഒരു കാര്യം പ്രാർത്ഥിക്കും. ദൈവം മറ്റൊരു മറുപടി തരും. വിക്ക് മാറ്റാൻ മോശ പ്രാർത്ഥിച്ചു. പകരം ത്വക്ക് (മുഖം) പ്രകാശിപ്പിച്ചു. പൗലോസ് ആസ്യയിൽ പ്രസംഗിക്കാൻ. പരിശുദ്ധാത്മാവ് മാസിഡോണിയായിൽ അയച്ചു. നല്ലത് ഏതെന്ന് ദൈവത്തിന് അറിയാം. നാമത് അംഗീകരിക്കണം.

3. താമസിച്ച് കിട്ടുന്ന മറുപടി (Delayed Answer). ലാസർ രോഗിയായി. യേശുവിനെ അറിയിച്ചു. 4 ദിവസം കഴിഞ്ഞാണ് യേശു വന്നത്. ഉടനെ വന്നിരുന്നെങ്കിൽ രോഗസൗഖ്യം. താമസിച്ചതുകൊണ്ട് ഉയിർപ്പ് കിട്ടി. പ്രസിദ്ധനായി ചരിത്രം സൃഷ്ടിച്ചു. താമസിച്ചു കിട്ടുന്ന മറുപടി മോശമല്ല.

4. ഇല്ല (No) എന്ന മറുപടി. (Denied answer). മോശ പ്രാർത്ഥിച്ചു. കനാൻ നാടു പോയി കാണാൻ. യഹോവ പറഞ്ഞു. ഇല്ല. ആവർത്തനം 3: 25–26 ഏലിയാവ് പ്രാർത്ഥിച്ചു. എനിക്കു മരിക്കണം. ദൈവം പറഞ്ഞു. ഇല്ല. മുകളിൽ പറഞ്ഞതെല്ലാം പ്രാർത്ഥനയുടെ മറുപടിയാണ്. ഞാൻ പ്രാർത്ഥിച്ചു' ദൈവം കേട്ടില്ല എന്നാരും പറയരുത്. ദൈവം

കേട്ടു മറുപടിയും തന്നു. ഏതു മറുപടി എന്നു നാം അറിയണം, അംഗീകരിക്കണം.

- **ഭാവിയെപ്പറ്റി**

അറിയാനുള്ള ആകാംക്ഷ ആർക്കും ഉണ്ട്. പത്രം കിട്ടിയാൽ വാരഫലം (horoscope) നോക്കുന്നവർ ധാരാളം. ബൈബിൾ മാത്രമേ ഭാവിയെക്കുറിച്ചു കൃത്യമായ അറിവ് തരുന്നുള്ളൂ. ബൈബിൾ പ്രവചനം 100 ശതമാനം കൃത്യമാണ്, സത്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ എന്ത് സംഭവിക്കുമെന്ന് ചിന്തിക്കാം.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാലം ഞാൻ പാപിയായിരുന്നു. വർത്തമാനകാലം – വീണ്ടും ജനിച്ച് വിശ്വാസിയായി വിശുദ്ധ ജീവിതം ചെയ്യുന്നു. ഭാവികാലം – കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നു. ജീവനുള്ള പ്രത്യാശ. യേശു വരും. ഞാൻ അവനോടൊപ്പം സ്വർഗ്ഗീയ പറുദീസ്സായിൽ പോകും. ഇന്ന് യേശു എന്നോടുകൂടെ. അന്ന് ഞാൻ യേശുവിനോടു കൂടെ. നിങ്ങൾക്ക് ഈ പ്രത്യാശ ഉണ്ടോ? ഇല്ലെങ്കിൽ മുകളിൽ പറഞ്ഞത് ഇപ്പോൾ തന്നെ ചെയ്യുക. നാളത്തേക്ക് നീട്ടരുത്. യേശു മാത്രമേ മടങ്ങി വരും എന്ന് പറഞ്ഞിട്ടുള്ളൂ, മറ്റാരും പറഞ്ഞിട്ടില്ല.

- **ആസന്നഭാവിയിൽ സംഭവിക്കാൻ പോകുന്നത്.**

1. **Return** യേശുവിന്റെ മടങ്ങിവരവ് – അപ്പോ.പ്രവൃ. 1: 11
2. **Resurrection** - ക്രിസ്തുവിൽ മരിച്ചവരുടെ ഉയർപ്പ്–1 തെസ്സ. 4: 16.
3. **Rapture** സഭയുടെ ഉൽപ്രാപണം.
4. **Reunion** ഉയർത്തവരും രൂപാന്തരം പ്രാപിച്ചവരും ഒന്നിച്ചു കൂടുന്നു –
5. Rewards – പ്രതിഫലവിതരണം (2 കൊരി. 5: 10) സുവിശേഷത്തിനു വേണ്ടി സമയം, താലന്ത്, പണം (Time, Talent,

Treasure) ത്യാഗപരമായി (വിധവയുടെ രണ്ട് കാശ്), ധാരാളമായി – സകലവും (ശകലമല്ല) കൊടുത്തവർക്ക് പലവിധ പ്രതിഫലങ്ങൾ കിരീടങ്ങൾ കിട്ടും. ആർഭാടമായി അടിച്ചു പൊളിച്ച് ജീവിച്ചു. സുവിശേഷത്തിനുവേണ്ടി കൊടുത്തത് നക്കാപ്പിച്ച അവർക്കു കിട്ടുന്നത് ദുഷ്ടദാസൻ എന്ന വിളി. ലജ്ജിച്ചു തലതാഴ്ത്തേണ്ടി വരും. ഇനിയും സമയമുണ്ട്. കഴിവിന്റെ പരമാവധി സുവിശേഷ പ്രചരണത്തിന് നേരിട്ടു കൊടുക്കുക. ഇടനിലക്കാരെ ഒഴിവാക്കുക. മരിക്കുമ്പോൾ ഒന്നും കൊണ്ടുപോകാൻ സാദ്ധ്യമല്ല: ഗുണപ്പെടാത്ത പിള്ളാർക്കു വേണ്ടി പണം വച്ചിട്ടു പോയാൽ അവർ കൂടുതൽ വഷളാകും.

6. മദ്ധ്യവാനിൽ വച്ച് യേശു തന്റെ സഭയാകുന്ന കാന്തയെ കൈകൊടുത്ത് സ്വർഗ്ഗീയ പറുദീസയിൽ കൊണ്ടുപോകും. വിശുദ്ധന്മാർ പറന്നുപോകും. കഷ്ടതകൾ മറന്നുപോകും. 7 വർഷം സ്വർഗ്ഗത്തിൽ വിവാഹ മഹോത്സവം (Celebration). ഭൂമിയിൽ ഈ കാലമത്രയും മഹോപദ്രവം (Tribulation) സംഭവങ്ങളുടെ ചുരുക്കം പറയാം.

വെളിപ്പാട് 6: 1 – വെള്ളക്കുതിര – എതിർക്രിസ്തു.
ചുവപ്പു കുതിര – യുദ്ധം, രക്തച്ചൊരിച്ചിൽ
മഞ്ഞക്കുതിര – ക്ഷാമം.
കറുത്ത കുതിര – മരണം. ഈ നാലു കാര്യങ്ങൾ ഒരുമിച്ച് വരുന്നതിന്റെ ഭീകരത ഊഹിക്കൂ. സൂര്യൻ കറുപ്പാകും. ചന്ദ്രൻ രക്തതുല്യം. കുടിവെള്ളം കൈയ്പാകും. 1/3 കപ്പലുകൾക്ക് നഷ്ടം, 1/3 സമുദ്രം രക്തതുല്യമാകും. ജലജീവികൾ ചാകും. 8: 7 തീയും കൽമഴയും. 1/3 ഭൂമി കത്തി ചാമ്പലാകും. 34 കി.ഗ്രാം (75പൗണ്ട്) ഭാരമുള്ള ഐസ് കട്ട പാപിയുടെയും പരീശന്റേയും കഷണ്ടിത്തലയിൽ വീഴും. സൂര്യതാപം കൂടിയിട്ട് മനുഷ്യരെ ചുട്ട് ചാമ്പലാക്കും. അടി ഒന്നുമായില്ല, വടി എടുക്കാൻ പോയതേ ഉള്ളൂ എന്ന ഭാഷാപ്രയോഗത്തിൽ നിന്നും കൂടുതൽ പിടികിട്ടും. ഭൂകമ്പം, പകർച്ചവ്യാധി, വൃണം (മത്തായി. 24: 21). ലോകാരംഭം മുതൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭ

വിക്കാത്തതുമായ വലിയകഷ്ടം അന്നുണ്ടാകും. യേശുവിന്റെ വരവിൽ കൈവിടപ്പെടുന്നവർക്ക് വരാൻ പോകുന്നതാണ് ഈ പറഞ്ഞത്. നിസാരമായി തള്ളിക്കളയരുത്. ഈ പറഞ്ഞതിൽ ആശ്വാസത്തിനുള്ളത് എന്തെങ്കിലും ഉണ്ടോ?

ഇതിൽ നിന്ന് ഒഴിയാൻ ഒരു മിനിറ്റു മതി. ഇപ്പോൾ തന്നെ യേശുവിനോട് പ്രാർത്ഥിക്കുക. വീണ്ടും ജനിക്കുക. കർത്താവിന്റെ വരവിൽ കൈവിടപ്പെടാതെ സ്വർഗ്ഗത്തിൽ പോകും എന്ന് ഉറപ്പ് വരുത്തുക. എന്തുകൊണ്ട് മുകളിൽ പറഞ്ഞ മഹാകഷ്ടം? യേശുവിനെ രക്ഷിതാവായ സ്വീകരിക്കാൻ അവസരങ്ങൾ നീട്ടിത്തന്നിട്ടും മനഃപൂർവ്വം തള്ളിക്കളഞ്ഞ് കുടി, പിടി ഇവയിൽ മുഴുകി ജീവിച്ചു. നിങ്ങൾ തിരഞ്ഞെടുക്കുന്നതിന്റെ ഭവിഷ്യത്തുകൾക്ക് നിങ്ങൾ തന്നെ ഉത്തരവാദി. ആരേയും പഴിചാരി ഒഴിയാൻ പറ്റില്ല. ഇപ്പോൾ രക്ഷാദിവസം. നാളെ നിങ്ങൾക്കുള്ളതല്ല. മുന്നറിയിപ്പുകൾ തള്ളിക്കളയരുത്.

ഭൂമിയിൽ 7 വർഷത്തെ മഹോപദ്രവത്തിനുശേഷം യേശുക്രിസ്തു ദൂതപരിവാര സമേതം രാജാധിരാജാവായി ഭൂമിയിലേക്ക് ഇറങ്ങിവരും. അതാണ് മഹത്വപ്രത്യക്ഷത. ആദ്യം വന്നത് പാപപരിഹാരത്തിനുവേണ്ടി **മരിക്കാൻ** ഇനി വരുന്നതു ഭൂലോകത്തെ **ഭരിക്കാൻ**. ഒലിവു മലയിൽ നിന്ന് സ്വർഗ്ഗാരോഹണം ചെയ്തു. അവിടെ തന്നെ ഇറങ്ങി വരും. ആദ്യം ചെയ്യുന്നത്, സാത്താനെ ബന്ധിച്ച് അഗാധകൂപത്തിൽ അടച്ചുപൂട്ടും. എതിർക്രിസ്തുവിനേയും കള്ളപ്രവാചകനേയും തീപ്പൊയ്കയിൽ തള്ളിയിടും. അങ്ങനെ അശുദ്ധത്രിത്വം അപ്രത്യക്ഷമാകും. ഭൂമിയിൽ 100 ശതമാനം സമാധാനം. അന്ന് പണിമുടക്കോ, ഹർത്താലോ ഉണ്ടാവില്ല. **അന്നു മാത്രമേ ഹർത്താൽ ഇല്ലാത്ത കേരളം ഉണ്ടാകൂ. സർക്കാരിനും കോടതിക്കും കഴിയാത്തത് യേശുവിന്റെ ഭരണത്തിൽ നടപ്പാകും.** 1000 ആണ്ടുകൾ അത് തുടരും. ഏദൻ തോട്ടത്തിൽ നഷ്ടപ്പെട്ടതെല്ലാം അന്ന് തിരിച്ചുകിട്ടും. അതിനുശേഷം അവസാനയുദ്ധം. സാത്താനെ തോല്പിച്ചു തീപ്പൊയ്കയിലേക്ക് എറിയും. ഭൂമി തീകൊണ്ട് ശുദ്ധീകരിക്കപ്പെടും.

- **വെള്ള സിംഹാസനത്തിലെ ന്യായവിധി**

മാനവചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവം. യേശു ന്യായാധിപതിയായി സിംഹാസനത്തിൽ ഇരിക്കും. നരകത്തിൽ കഴിയുന്ന സകല പാപികളേയും, ഉയിർപ്പിച്ചു യേശുവിന്റെ മുമ്പിൽ കൊണ്ടുവരും. പീലാത്തോസും ഹേറോദാവ്, ഹിറ്റ്ലർ മുതൽ സകല വമ്പന്മാരും കൊമ്പന്മാരും അവിടെവരും. പുസ്തകങ്ങൾ തുറക്കും. കുറ്റപത്രം കൊടുക്കും. അറിഞ്ഞിട്ടും മനഃപൂർവ്വം യേശുവിനെ നിഷേധിച്ചതും അശുദ്ധജീവിതം നയിച്ചതും ആയിരിക്കും വിഷയം. തെളിവിനായി സകലരഹസ്യങ്ങളും സ്ക്രീനിൽ കാണിക്കും. ഓർക്കാൻ പോലും വയ്യ. സ്വർഗ്ഗത്തിലെ ക്യാമറ മനുഷ്യരുടെ സകല മ്ലേച്ഛതകളും ഏടുക്കുന്നുണ്ട്. വിധി പ്രഖ്യാപിക്കും. വക്കീലും അപ്പീലും ഇല്ല. ജീവപുസ്തകത്തിൽ പേരില്ലാത്ത ഏവനേയും - ഏതു പൊന്നുമോനേയും - തീപ്പൊയ്കയിൽ തള്ളിയിടും. വീഴുകയല്ല; വലിച്ചു എറിയുകയാണ്. നരകവും തീപ്പൊയ്കയും ഒന്നല്ല; രണ്ടാണ്. വ്യത്യാസമുണ്ട്.

ഇതെല്ലാം ഒഴിവാക്കാൻ ഇപ്പോൾ അവസരമുണ്ട്. പാപത്തിന്റെ തൽക്കാലികഭോഗങ്ങൾ വലിച്ചെറിഞ്ഞാൽ ആനന്ദത്തിന്റെ നിതൃത കൈവശമാക്കാം. അനുതപിച്ച് പ്രാർത്ഥിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുക. നിശ്ചയമായും ചെയ്യണം, മറക്കരുത്, മാറ്റി വയ്ക്കരുത്.

- **പുതിയ യെരുശലേം, വെളിപ്പാട് 21:1**

യേശു പറഞ്ഞു "ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു" യോഹ. 14: 2. അതാണ് പുതിയ യെരുശലേം. തന്റെ കാന്തയ്ക്കായി കർത്താവ് നിർമ്മിച്ച മണിമന്ദിരം (Mansion) 2400 കി.മീ. നീളം, അത്രയും വീതി, അത്ര തന്നെ ഉയരം (തിരുവനന്തപുരം മുതൽ നാഗപ്പൂർ വരെ നീളം, ബോംബെ മുതൽ കൽക്കട്ടാ വരെ വീതി. അത്രയും ഉയരമുള്ള മഹാസൗധം. വലിപ്പം ഊഹിക്കാമോ? ഒരുവശത്ത് 3 വാതിലുകൾ - മുത്തുകളാൽ നിർമ്മിത ഗോപുരങ്ങൾ 4 വശത്തുമായി 12 വാതിലുകൾ. സ്വർണ്ണതെരുവീഥി,

ജീവജലനദി, ജീവവൃക്ഷം, ഇരുകരയിലും മാസംതോറും പുതിയ ഫലങ്ങൾ. ഇത്രയും പറഞ്ഞിട്ടും അവിടെ പോകാൻ ആഗ്രഹിക്കാത്തവരെ എന്തു വിളിക്കണം. നിങ്ങൾ പറയൂ. തീപ്പൊയ്കയ്ക്ക് ഒറ്റ വാതിൽ മാത്രം. അകത്തുപോകാം. എക്സിറ്റ് ഇല്ല. പുറത്തുവരാൻ സാദ്ധ്യമല്ല. എന്നും എന്നേക്കും അതിനകത്ത് കരച്ചിലും പല്ലുകടിയും. എന്തിനാ കരച്ചിൽ? അന്ന് സുവിശേഷം കേട്ടപ്പോൾ, ജോയി ജോസഫിന്റെ പുസ്തകം വായിച്ചപ്പോൾ എങ്കിലും വീണ്ടും ജനിച്ചിരുന്നെങ്കിൽ ഇന്ന് ഈ ഗതികേടും കഷ്ടതയും ഒഴിവാക്കാമായിരുന്നു. പക്ഷേ താമസിച്ചുപോയി. അവസരം കിട്ടുമ്പോൾ പ്രയോജനപ്പെടുത്തുന്നത് ബുദ്ധിമാന്റെ ലക്ഷണം ആണ്. ക്രൂശിലെ ഒരു കള്ളൻ പ്രയോജനപ്പെടുത്തിയല്ലോ. മറ്റവൻ അവസരം നഷ്ടപ്പെടുത്തി. <u>ഇത് വായിച്ചിട്ടും നിങ്ങൾ മാനസാന്തരപ്പെട്ടു വീണ്ടും ജനിക്കുന്നില്ലെങ്കിൽ ആ കള്ളനേക്കാൾ മഹാകള്ളൻ നിങ്ങൾ ആണ്.</u>

പുതിയ യെരുശലേമിന് 12 വാതിലുകൾ. എപ്പോൾ വേണമെങ്കിലും അകത്തുപോകാം. പുറത്തു വരാം. ഇമ്പങ്ങളുടെ പറുദീസാ. പാട്ടുകാരൻ പാടുന്നു.

“ദൈവത്തിൽ മക്കൾ മാത്രമുള്ള നാട്
അതാണെൻ സ്വന്തനാട്
ദൈവത്തിൻ കൈകളാൽ തീർത്തതാം വീട്
അതാണെൻ സ്വന്തവീട്”– ചേർന്നുപാടാം”

അനുതപിച്ച കള്ളൻ പ്രാർത്ഥിച്ചതുപോലെ ഒരു വാചകം ഉള്ളുരുകി പ്രാർത്ഥിച്ചാൽ തീപ്പൊയ്കയുടെ വാതിലിൽ നിന്നും സ്വർഗ്ഗസീയോനിൽ എത്താം. തിരഞ്ഞെടുക്കേണ്ടതു തീരുമാനിക്കേണ്ടതും നിങ്ങൾ തന്നെ. ഇതെല്ലാമായിട്ടും നിങ്ങൾ തീപ്പൊയ്കയിൽ പോകുന്നെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദി നിങ്ങൾ തന്നെ.

അവസാനം നിത്യത (Eternity) എന്നും എന്നേക്കും വേർപിരിയാതെ ക്രിസ്തുവിൽകൂടെ പാർക്കും നമ്മളെല്ലാം. ചേർന്നു പാടാം വീണ്ടും പാടാം. ഊണിലും ഉറക്കത്തിലും

നടപ്പിലും കിടപ്പിലും അതുതന്നെ ആയിരിക്കട്ടെ നമ്മുടെ ചിന്ത. മൂന്ന് വാക്കുകൾ കൂടി. ഉണരുക, ഒരുങ്ങുക, കാത്തിരിക്കുക. അലസത, അലംഭാവം, അഹംഭാവം ഇവയ്ക്ക് മാറ്റം വരുത്തുക. സമയം തക്കത്തിൽ ഉപയോഗിക്കുക.

ഒരുങ്ങുക, കാഹളം കേട്ടാൽ പിന്നെ ഒരുങ്ങാൻ നേരമില്ല. അപ്പോൾ എണ്ണ വാങ്ങാൻ പോയവരുടെ ഗതികേട് ഓർമ്മ ഉണ്ടല്ലോ. മത്തായി 25: 10. ഒരുങ്ങി ഇരുന്നവർ പ്രവേശിച്ചു. വാതിൽ അടച്ചു. കാത്തിരിക്കുക. വിമാനയാത്ര ചെയ്യേണ്ടവർ നേരത്തേ തന്നെ ഒരുങ്ങി കൗണ്ടറിൽ ടിക്കറ്റ് പാസ്പോർട്ട് കൊടുത്ത് ബോർഡിംഗ് പാസ്സ് വാങ്ങുന്നു. കാത്തിരിക്കുന്നു. അനൗൺസ്മെന്റ് – കാഹളത്തിനു സമം –കേൾക്കുമ്പോൾ വിമാനത്തിൽ കയറി ലക്ഷ്യത്തിൽ എത്തുന്നു. യേശു പറഞ്ഞു. ഇതാ ഞാൻ വേഗം വരുന്നു. നമുക്കും സധൈര്യം പറയാം. ആമേൻ കർത്താവേ വേഗം വരേണമേ. ●

NB: ആവശ്യമെങ്കിൽ ഈ പുസ്തകം ഇതുപോലെ–ഒരു വ്യത്യാസവും കൂടാതെ പ്രിന്റ് ചെയ്തു വിതരണം ചെയ്യാനുള്ള അനുവാദം തന്നിരിക്കുന്നു. വിളിച്ചു പറഞ്ഞിട്ട് പ്രിന്റ് ചെയ്യുക. നന്ദി.

## ഡോക്ടർ ജോയി ജോസഫ്

കേരളത്തിൽ ശൂരനാട് സ്വദേശി. ജനനം 1940. 1954ൽ വീണ്ടും ജനിച്ചു (born again), 1957ൽ വിശ്വാസ സ്നാനം ഏറ്റു. 58-ൽ പരിശുദ്ധാത്മ സ്നാനം ലഭിച്ചു അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. ഇന്നും മുടങ്ങിയിട്ടില്ല; തുടരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും അമേരിക്കയിൽ ബൈബിൾ സെമിനാരിയിൽ നിന്ന് തിയോളജിക്കൽ ഡോക്ടറേറ്റും നേടി. 1960ൽ അദ്ധ്യാപകനായി. 80-ാം വയസ്സിലും ഹൈസ്കൂളിൽ പഠിപ്പിക്കുന്നു - സുവിശേഷ വേലയ്ക്കുവേണ്ടി ചെലവാക്കാൻ.
2006 മുതൽ സണ്ടേസ്കൂൾസ് നെറ്റ്‌വർക്സ് ഇന്റർനാഷണൽ (SSNI) എന്ന സംഘടനയുടെ അന്തർദേശീയ പ്രസിഡന്റായി പ്രവർത്തിക്കുന്നു. ഇംഗ്ലീഷിൽ ഇന്ന് കിട്ടാവുന്നതിൽ ഏറ്റവും നല്ല സണ്ടേസ്കൂൾ പാഠപുസ്തകങ്ങൾ പല രാജ്യങ്ങളിൽ കൊടുക്കുന്നു. 1972-ൽ ഐ.പി.സി.ക്ക് ആദ്യമായി സണ്ടേസ്കൂൾ പുസ്തകം എഴുതിയവരിൽ ഒരാളാണ് ഡോ.ജോസഫ്. 6 ഭൂഖണ്ഡങ്ങളിലായി 50 രാജ്യങ്ങളിൽ റേഡിയോ, ടി.വി. തുടങ്ങിയ മാദ്ധ്യമങ്ങളിൽ കൂടി സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അറിവിന്റെ ആഴത്തിൽ നിന്ന് കടഞ്ഞെടുത്ത അമൃതാണ് ഈ പുസ്തകം. അനേകം ഭാഷകളിൽ ഈ പുസ്തകം വിവർത്തനം ചെയ്ത് ലക്ഷക്കണക്കിന് പ്രതികൾ വിതരണം ചെയ്തിട്ടുണ്ട്.
ഭാര്യ : തങ്കമ്മ.
മക്കൾ: ബീന, റേച്ചൽ, ഷാരോൻ.
45 വർഷങ്ങളായി അമേരിക്കയിൽ താമസിക്കുന്നു.

Email: drjjoseph@aol.com
Ph: +1 404 680 3114 (USA), 82 81 84 22 22 (IND)

BIBLE Sunday SCHOOL

## സണ്ടേ സ്കൂൾസ് നെറ്റ്‌വർക്ക് ഇന്റർനാഷണൽ

**SSNI** ഇന്ന് കിട്ടാവുന്നതിൽ ഏറ്റവും നല്ല സണ്ടേസ്കൂൾ പാഠപുസ്തകങ്ങൾ. ഇംഗ്ലീഷിലും, ഹിന്ദിയിലും, മറ്റു പല ഭാഷകളിലും. നാല് ഭൂഖണ്ഡങ്ങളിൽ- അനേക രാജ്യങ്ങളിൽ ഉപയോഗിക്കുന്നു. കുട്ടികൾക്ക് വേണ്ടി എഴുതിയത്. സണ്ടേസ്കൂൾ ഇല്ലെങ്കിലും മാതാപിതാക്കൾക്കും മക്കൾക്കും പഠിക്കാം. 150-ൽപരം വില തീരാത്ത പാഠങ്ങൾ വെബ്സൈറ്റിലും കിട്ടും (ssni.org)

ആവശ്യപ്പെടുക

**CONTACT : Dr. JOY JOSEPH**
**President: SSNI**
**Phone in : USA 1-404-680-3114**
**in India: +91-82 81 84 22 22**
**Dr. A.J. Abraham, India**
**+91 9447375381**
**Abey**
**+91 9633836221**